**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2241 — 08.03.2017-ൽ മറുപടിക്ക്

# <u>ഹൈടെക് ടൂറിസം ബീച്ചുകൾ</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| ശ്രീ. പി.സി. ജോർജ്ജ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| കേരളത്തിൽ ടൂറിസം വികസിപ്പിക്കുന്നതിനും, വിദേശ വിനോദ സഞ്ചാരികളുടെയും ആഭ്യന്തര വിനോദസഞ്ചാരികളുടെയും വരവ് വർദ്ധിപ്പിക്കുന്നതിനും, അധികതൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി വിവിധ സ്ഥലങ്ങളിലുള്ള കടൽ തീരദേശത്ത് കൂടുതൽ ഹൈടെക് ടൂറിസം ബീച്ചുകൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി നടപ്പിലാക്കുമോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | നിലവിലുള്ള ചട്ടങ്ങളും, മാനദണ്ഡങ്ങളും പരിപാലിച്ചു കൊണ്ടും കോസ്റ്റൽ റഗുലേറ്ററി സോൺ ചട്ടങ്ങൾ പ്രത്യേകമായി പരിഗണിച്ചും മാത്രമേ കടൽ തീരദേശങ്ങളിൽ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുവാൻ സാധിക്കുകയുള്ളൂ. തനതു പ്രകൃതി സൗന്ദര്യത്തിനും പരിസ്ഥിതിയ്ക്കും കോട്ടം തട്ടാതെയുള്ള പദ്ധതികളിലൂടെ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ